ഭരണഭാഷ മാതൃഭാഷ

നമ്പർ - ICDS - എ9/29486/2019

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,പൂജപ്പുര,തിരുവനന്തപുരം
തീയതി : 13.07.2021
email:directorate.wcd@kerala.gov.in
Phone No. 0471 – 2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും,

മാഡം,

വിഷയം - വനിത ശിശുവികസന വകുപ്പ് - ഐ.സി.ഡി.എസ് - 250 അങ്കണവാടികളുടെ നവീകരണം 2017-18 - ഭരണാനുമതി പുതുക്കിലഭിച്ചത് - തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന - (1) സ.ഉ (സാധ) നം.549/2017/സ.നീ.വ തീയതി 16.08.17.
(2) 15.12.17, 18.01.18, 9.03.18, 28.03.18, 28.11.19, 05.03.20 തീയതികളിലെ ICDS/A7-7530/17 നമ്പർ ഉത്തരവുകൾ
(3) സ.ഉ (സാധ) നം.436/2021/സ.നീ.വ തീയതി 22.06.21.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള സാമൂഹ്യവിഭവകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 250 അങ്കണവാടി

sg

കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിലേക്ക് സൂചന (1) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ലെ 6 ഉത്തരവുകൾ മുഖേന സംസ്ഥാനത്തെ 174 അങ്കണവാടി കെട്ടിടങ്ങൾ (യഥാക്രമം 55+29+22+29+38+1 = 174) നവീകരിക്കുന്നതിന് വനിത ശിശുവികസന ഡയറക്ടർ അനുമതി നൽകുകയുണ്ടായി. 250 അങ്കണവാടികളിൽ അവശേഷിക്കുന്ന 76 അങ്കണവാടി കെട്ടിടങ്ങൾ കൂടി 1 ലക്ഷം രൂപാ യണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിന് സൂചന (3) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവീകരണം ആവശ്യമുള്ള അങ്കണവാടികൾക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതാണ് അങ്കണവാടി നവീകരണത്തിന് ചുവടെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിലാണ് അങ്കണവാടി നവീകരിക്കുന്നത്. അധിക തുക ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.
2. മറ്റ് നവീകരണപദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്ത അങ്കണവാടികൾക്ക് അടിയന്തിരപ്രാധാന്യം നൽകി LSGD എ.ഇ യിൽ നിന്ന് എസ്റ്റിമേറ്റ് ശേഖരിച്ച് പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
3. പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും നവീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.
4. 2021 ജൂലൈ 31 ന് മുമ്പായി പ്രൊപ്പോസലുകൾ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
5. നവീകരണ അനുമതി ലഭിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾ 2022 ജനുവരി 31 ന് മുമ്പായി പണികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽകോപ്പി, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, റിക്വസിഷൻഫോം നോൺപേയ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ 2022 ഫെബ്രുവരി 15 ന് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
6. ഫൈനൽ ബില്ലും അനുബന്ധ രേഖകളും ഈ കാര്യാലയത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് നവീകരണത്തിന് ചെലവഴിച്ച തുക (പരമാവധി 1 ലക്ഷം) ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുന്നതാണ്.
7. നവീകരപ്രവർത്തികൾ പൂർത്തിയായാൽ ഉടൻ ബന്ധപ്പെട്ട LSGD എൻജിനീയറുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രത്തിന് പുറമേ

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസറുടെ പൂർത്തീകരണ സാക്ഷ്യപത്രംകൂടി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Sunde

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

sg